# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4122** **16/03/2017** -ലെ മറുപടിക്ക്

## ഏറ്റുമാനൂർ പട്ടർമഠം കുടിവെള്ള പദ്ധതി

**ചോദ്യം**

ശ്രീ. കെ.സുരേഷ് കുറുപ്പ്

(എ) ഏറ്റുമാനൂർ പട്ടർമഠം കുടിവെള്ള പദ്ധതിയുടെ പ്രയോജനം അതിരമ്പുഴ പഞ്ചായത്തിൽ ലഭിക്കുന്നതിന് ആവശ്യമായ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഏറ്റുമാനൂർ പട്ടർമഠം കുടിവെള്ള പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

**മറുപടി**

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ), (ബി) & (സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം അതിരമ്പുഴ പഞ്ചായത്തിൽ ലഭിക്കുന്നതിലേക്കായി വിതരണശൃംഖല സ്ഥാപിക്കുന്നതിന് 15.80 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല. മറ്റ് പ്രദേശങ്ങളിൽ കൂടി പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കുന്നത് സംബന്ധിച്ച വിഷയം കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/